# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 26

# ഓരോ കുട്ടിയും മികവിലേക്ക്

## യൂനിയൻ എ.എൽ.പി. സ്കൂൾ
## പാലത്ത്

# ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ മികച്ച വഴികാട്ടിയാവാമെന്നുറപ്പാണ്.

എല്ലാ വിദ്യാഭ്യാസ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന യൂനിയൻ എ.എൽ.പി. സ്കൂൾ സജീവ പി.ടി.എ, എം.പി.ടി.എ, അദ്ധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ പ്രസിഡണ്ട്
ഹെഡ്മാസ്റ്റർ
എം.പി.ടി.എ പ്രസിഡണ്ട്

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | യൂനിയൻ എ.ൽ.പി. സ്കൂൾ, പാലത്ത് |
| മേൽവിലാസം | : | പാലത്ത് പി.ഒ<br>കക്കോടി (വഴി)<br>കോഴിക്കോട് (ജില്ല)<br>673 611 (പിൻ) |
| ഫോൺ | : | 0495 - 2260980 |
| സ്കൂൾ കോഡ് | : | 17442 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേവായൂർ |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി. | : | ചേളന്നൂർ |
| സി.ആർ.സി | : | ജി.എൽ.പി.എസ്. ചേളന്നൂർ, താമരശ്ശേരി |
| ഗ്രാമപഞ്ചായത്ത് | : | ചേളന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചേളന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | എലത്തൂർ |
| ലോകസഭാ മണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | ചേളന്നൂർ |
| ഇ.മെയിൽ | : | palathualpschool@gmail.com |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായി ക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
3. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്താൻ ആവശ്യമായ തരത്തിലുള്ള പ്രവർത്ത നങ്ങൾ ഒരുക്കുക. -'വായന വസന്തം'.
4. സ്കൂൾ ലൈബ്രറി വിപുലമാക്കുക. കൂടുതൽ പുസ്തകങ്ങൾ സമാഹരിക്കുക.
5. 'എന്റെ കുട്ടി എന്റെ അഭിമാനം' പദ്ധതിയിൽ ഓരോ കുട്ടിയുടെയും അഭിരുചികൾ, കഴിവുകൾ എന്നിവ കണ്ടെത്തി കുട്ടിയുടെ സമഗ്രവികസനം ഉറപ്പാക്കുക.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട ശേഷികൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. ഇതിനായി വ്യക്തിഗത പിടിഎ, കോർണർ പി.ടി.എ എന്നിവ സംഘടിപ്പിക്കുക.
7. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി വർക്ക് ഷീറ്റ് (PTA, MPTA, SSG) തയ്യാറാക്കി നൽകുക.
8. മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധ നം, വെയ്സ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി പാലിക്കുക.
9. രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതൽ, ബോധ വൽക്കരണം എന്നിവ നടത്തുക.
10. കുട്ടികളുടെ ശാരീരിക, മാനസിക വികാസം ഉറപ്പു വരുത്തുന്നതിനായി സുംബ, കായിക വിനോദങ്ങൾ എന്നിവ സ്കൂളിൽ നടപ്പിലാക്കും.
11. പോക്സോ സംബന്ധമായ ബോധവൽക്കരണം.
12. കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ◆ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുക.<br><br>◆ മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം<br><br>◆ സമഗ്ര ഗുണമേന്മ പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br><br>◆ കലാപഠനം പ്രവൃത്തി പരിചയ പഠനം, കായിക പഠനം, എന്നിവയ്ക്ക് പ്രത്യേക പരിശീനം.<br><br>◆ പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'ഒപ്പം ഒപ്പത്തിനൊപ്പം ' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ, വ്യക്തിഗത സപ്പോർട്ട്.<br><br>◆ സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ, എന്നി പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br><br>◆ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br><br>◆ കാർഷിക പ്രവൃത്തികൾ ജൈവ വൈവിദ്ധ്യ അന്തരീക്ഷം എന്നിവ പ്രധാനം ചെയ്യൽ. | ◆ മുഴുവൻ കുട്ടികൾക്കും, ഭാഷാ ശേഷി, ഗണിത ശേഷി എന്നിവ നേടാൻ പറ്റിയിട്ടില്ല.<br><br>◆ മികച്ച ലൈബ്രറി, ലാബ് സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br><br>◆ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്നവർ കുറവാണ്. കുറച്ച് കൂടി മെച്ചപ്പെടാനുണ്ട്.<br><br>◆ ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാവർക്കും സാധിച്ചിട്ടില്ല.<br><br>◆ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഏതാനും കുട്ടികൾ പിന്നോക്കക്കാരാണ്.<br><br>◆ IED കുട്ടികളുടെ പഠന പിന്തുണാസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br><br>◆ കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് ICT ക്ക് തടസ്സം നേരിടുന്നു. |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം :-

1. എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്ത രാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജ നപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.
8. ഓരോ കുട്ടിയെയും സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാക്കുക.

## ഇംഗ്ലീഷ് :-

1. ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവ്ഷ്കരണങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടു ത്തുക.
6. ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് സജ്ജീകരി ക്കുക.
7. ഇംഗ്ലീഷ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.

## പരിസര പഠനം: -

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോ ഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികാ വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം : -

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. ദിനാചരണങ്ങൾ, ബോധവൽക്കണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

3. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

4. ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.

## ഗണിതം : -

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഗണിതചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

4. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുക : -

1. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം : -

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാ പരിശീലനം : -

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം : -

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായി വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക് : -

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
3. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
4. ഭാഷാ പഠനത്തിൽ ഐ.ടി. യുടെ സാധ്യതകൾ, പ്രയോജനപ്പെടുത്തുന്നതിനും, വികസിപ്പിക്കുന്നതിനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്ങ്

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പു വരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ് പഠനം കേവലം ലക്ഷ്യബന്ധമായതല്ല. കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകുന്നു. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥൻ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനയും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ :

1. വിദ്യാലയങ്ങളിൽ സമഗ്ര ഗുണമേന്മ പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
2. അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
3. കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ .....,ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
4. ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
5. വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (CPTA, HM, SHC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ :

മോണിറ്ററിംഗ് ഉപാധികൾ :

1. **UNIT WISE MONITORING FORMAT :**
   ഒന്നാം ഭാഗം പഠന ഫലങ്ങൾ പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
2. **PORT FOLIO EVIDENCE :**
   കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ വിലയിരുത്തൽ രേഖകൾ
3. **NOTE BOOK ENTRY CHECKLIST :**
   ക്ലാസിലെ റിവ്യൂ ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ
4. **OBSERVATION TOOL :**
   കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

## ഉദ്യോഗസ്ഥരുടെ ചുമതലകൾ : -

1. **SERT/DIET** ഫാക്കൽറ്റി അംഗങ്ങൾ : വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
2. **DIET PRINCIPAL** : ജില്ലാതല മാർഗ നിർദ്ദേശം
3. **DDE, DEO, AEO**: സ്കൂൾതല ചിട്ട വ്യവസ്ഥയും അധ്യാപക പിന്തുണയും.

## പ്രതിവാര അവലോകനം : -

1. സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
2. ബ്ലോക്ക് ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

## വിലയിരുത്തൽ : -

1. കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘു ചിത്രങ്ങൾ, പോർട്ട് ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുന്നു.
2. അധ്യാപകരുടെ ടെക്സ്റ്റ് ബുക്ക്, ഡയറികൾ യഥാസമയം എഴുതി വെച്ച് ആസൂത്രണങ്ങൾ പരിശോധിക്കുക.
3. റീഡേഴ്സ് തിയേറ്റർ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം സാമൂഹ്യ ഭാഷാ വികാസം തുടങ്ങിയ ഘടകങ്ങളിൽ പങ്കാളിത്തം.
4. അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗ നിർദ്ദേശം നൽകുക.

# വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദമായ വിലയിരുത്തൽ (Formative Assessent) എന്നത് പഠന പ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ് പഠനത്തിനും അധ്യാപനത്തിനും ഇടയിൽ ദിശാ ബോധം നൽകുന്ന വളർച്ചാ കേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയ വിനിമയം , വികാസപരമായ വിലയിരുത്തൽ.

## പ്രവർത്തന ലക്ഷ്യങ്ങൾ : -

1. കുട്ടികളുടെ പഠന പ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നി വയുടെ അധികാരിക വിലയിരുത്തൽ നടത്തുക.
2. തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴി യുക.
3. വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തുക. വളർച്ച തിരിച്ചറിയുക.
4. അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും, സഹാ യിക്കുക.
5. പോർട്ട് ഫോളിയോ വിലയിരുത്തലിന്റ ഭാഗമായി കുട്ടിയുടെ വൈവിധ്യങ്ങൾ തിരിച്ചറിയുക.

## പ്രവർത്തന ഘട്ടങ്ങൾ :-

- പ്രവർത്തന പങ്കാളിത്തം
  - പ്രവർത്തനം ഏറ്റെടുത്തു?
  - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
  - ആശയങ്ങൾ പങ്കുവെച്ചു?
- ആശയ ധാരണ
  - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
  - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയശേഷി വിലയിരുത്തൽ
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാ ശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം/ അവതരണം
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു.
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വം വിശദീകരിച്ചു.
- രേഖപ്പെടുത്തൽ
  - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
  - അതിനുള്ള ആകൃതിയും അതിന്റെ അടക്കം മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്.
  - ഗ്രൂപ്പ് ചർച്ചകൾക്കുശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?
- വിലയിരുത്തൽ മാർഗ്ഗങ്ങൾ
  - നിരീക്ഷണം (Observation)
    - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക്ലിസ്റ്റ്
  - അഭിമുഖം (Interview)
    - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം
  - റേറ്റിംഗ് സ്കെയിൽ
    - പ്രവർത്തനത്തിലെ വിവിധ ഘട്ടങ്ങൾ 1 മുതൽ 5 വരെയുള്ളത് സ്കോർ ചെയ്യുക.
  - സ്കെച്ചുകൾ/ ഡയറി/ നോട്ടുകൾ
    - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
  - സ്വയം വിലയിരുത്തൽ ഫോറങ്ങൾ
    - കുട്ടിസ്വയം തന്റെ വളർച്ചയെകുറിച്ച് രേഖപ്പെടുത്തൽ.
  - പോർട്ട് ഫോളിയോ വിലയിരുത്തൽ
    - പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട് ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.
    - ക്ലാസ് പി.ടി.എ യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ച് കൊടുക്കുക.
    - സമഗ്ര ഗുണമേന്മ പദ്ധതി ക്ലാസ് ഹാൻഡ് ബുക്കിലെ യൂണിറ്റ് വിലയിരുത്തലുമായി യോജിപ്പിക്കുക

# മലയാളം

## പ്രവർത്തന പദ്ധതികൾ

1. വായനാവസന്തം - ജൂൺ -മാർച്ച്
2. എന്റെ പിറന്നാൾ പുസ്തകം
3. ഉച്ചഭാഷിണി വായന
4. അക്ഷരക്കൂട്ടം - വായനാ കാർഡുകൾ
5. സ്കൂൾ ലൈബ്രറി
6. ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ
7. എന്റെ വായനാകുറിപ്പുകൾ
8. രചനോത്സവം
9. സർഗ്ഗവേള
10. പാട്ടരങ്ങ്
11. റീഡേഴ്സ് തിയേറ്റർ
12. നാട്ടുവിശേഷം കൂട്ടെഴുത്ത്
13. അരങ്ങിലേക്ക്.

## പ്രവർത്തനം I

പേര് : വായനാ വസന്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ കുട്ടികളിൽ വായനാശീലം വളർത്തുക.<br>♦ സാഹിത്യാഭിരുചി വളർത്തുക | ♦ ജൂൺ -വായനാവാരം<br>♦ ജൂലായ് -ലൈബ്രറി<br>♦ ആഗസ്റ്റ് -ലൈബ്രറി<br>♦ സെപ്തംബർ - ഇംഗ്ലീഷ് മലയാളം പുസ്തക പരിചയം<br>♦ ഒക്ടോബർ, നവംബർ, ഡിസംബർ - വായനകുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>മാർച്ച് | മലയാളം ക്ലബ്ബ് | 1000 |

## പ്രവർത്തനം II

പേര് : എന്റെ പിറന്നാൾ പുസ്തകം ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ മികച്ച വായനാശീലം വളർത്തുക. | ♦ ക്ലാസ് ലൈബ്രറി വിപുലീകരണം<br>♦ എല്ലാവർക്കും വായിക്കാൻ അവസരം | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം III

പേര് : ഉച്ചഭാഷിണി വായന ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരുദിനം ഒരു കുട്ടിയുടെ വായന | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം IV

പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ) ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ സ്കൂളിൽ ഒരു പ്രത്യേക വായനമൂല ഒരുക്കുക | ജൂൺ<br>മാർച്ച് | സ്കൂൾ ലൈബ്രേറിയൻ | |

## പ്രവർത്തനം V

പേര് : സ്കൂൾലൈബ്രറി ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ മികച്ച ലൈബ്രറി സജ്ജമാക്കുക | രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സ്കൂളിൽ മികച്ച ലൈബ്രറി സജ്ജമാക്കി കുട്ടികൾക്ക് വായനക്ക് കൂടുതൽ അവസരങ്ങൾ നൽകുക | ജൂൺ മാർച്ച് | അധ്യാപകർ പി.ടി.എ | 3000 |

## പ്രവർത്തനം VI

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഉപമേഖല : വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തന്റെ മനസ്സിലുള്ള ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ദിനാചരണങ്ങൾ, ക്ലാസ് പ്രവർത്തനങ്ങൾ എന്നിവയോടനുബന്ധിച്ച് സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നു. ക്ലാസ്, സ്കൂൾതല പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂലായ് ഫെബ്രുവരി | അധ്യാപകർ | 2000 |

## പ്രവർത്തനം VII

പേര് : എന്റെ വായനാകുറിപ്പുകൾ ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | സ്കൂൾ ലൈബ്രറിയിൽ നിന്നും വിതരണം ചെയ്യുന്ന പുസ്തകത്തിന്റെ വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂലായ് ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം VIII

പേര് : രചനോത്സവം ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | പ്രത്യേക ചിത്രങ്ങൾ, ആശയങ്ങൾ, എന്നിവയ്ക്ക് അനുസൃതമായി വിവിധ വ്യവഹാര രൂപങ്ങളിൽ ആശയം പ്രകടമാക്കുക | ജൂലായ് മാർച്ച് | ക്ലാസ് ടീച്ചർ | 1000 |

## പ്രവർത്തനം X

പേര് : പാട്ടരങ്ങ് ഉപമേഖല : ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും പാട്ടുകൾ പാടാൻ പ്രാപ്തരാക്കു. സംഗീതത്തിന്റെ ഭംഗി തിരിച്ചറിയുക | പ്രാദേശികമായി ലഭ്യമായ ഉപകരണങ്ങൾ ഉപയോഗിച്ച് വായ്ത്താരികൾ ഉൾപ്പെടുത്തി പാട്ടുകൾ പാടി അവതരിപ്പിക്കുന്നു. ബാലസഭയിൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം XI

പേര് : റീഡേഴ്സ് തിയേറ്റർ ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയുടെ പുതിയ തലങ്ങൾ മനസ്സിലാക്കൽ (ശബ്ദവ്യതിയാനം) | പാഠഭാഗത്തിലെ വിവിധ സന്ദർഭങ്ങൾ തെരഞ്ഞെടുക്കുകയും കഥാപാത്രങ്ങളെ കണ്ടെത്തി ഓരോ കുട്ടിയും അനുയോജ്യമായ ശബ്ദവ്യതിയാനത്തോടെ അവതരിപ്പിക്കുകയും ചെയ്യുക. | ജൂലായ് ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം XII

പേര് : നാട്ടുവിശേഷം കൂട്ടെഴുത്ത് ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖന നൈപുണ്യം വളർത്തുക. പ്രാദേശികതയെ മനസ്സിലാക്കുക. | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പ്രാദേശിക കലാകാരനും കൂടി ചേർന്ന് കുട്ടികൾ സ്വന്തമായി പ്രാദേശിക രചന നടത്തുന്നു. | ജനുവരി മാർച്ച് | ക്ലാസ് ടീച്ചർ SRG SSG | 1000 |

പ്രവർത്തനം XIII

**പേര് : അരങ്ങിലേക്ക്** **ഉപമേഖല : അഭിനയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിച്ച് വേദികളിൽ ആശയവിനിമയം നടത്തി അവതരിപ്പിക്കാൻ പ്രാപ്തരാക്കുക | കുട്ടികൾ ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി പഠിച്ച വിവിധ വ്യവഹാര രൂപങ്ങൾ, ബാലസഭ, അസംബ്ലി എന്നിവയിൽ അവതരിപ്പിക്കുന്നു. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ<br>ബാലസഭ | 1000 |

# ഇംഗ്ലീഷ്

## പ്രവർത്തനം I

**പേര് : ഇംഗ്ലീഷ് അസംബ്ലി** **ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ<br>♦ സാഹിത്യാഭിരുചി വളർത്തുക | ♦ ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ജൂൺ, മാർച്ച്) | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം II

**പേര് : ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസ്സുകളിൽ)** **ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ♦ ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം (ജൂലായ് മാർച്ച്) | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം III

**പേര് : ഇംഗ്ലീഷ് റീഡിംഗ് കാർഡ്** **ഉപമേഖല : വായനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ ഒക്ടോബർ ഡിസംബർ | ഇംഗ്ലീഷ് ക്ലബ്ബ് | 2000 |

## പ്രവർത്തനം IV

പേര് : Worksheet Workshop ഉപമേഖല : അദ്ധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ | SRG | 1000 |

## പ്രവർത്തനം V

പേര് : A word A Day ഉപമേഖല : ഇംഗ്ലീഷ് വൊക്കാബുലറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക | എല്ലാ ദിവസവും ഒരു word with its meaning കൊടുക്കുക | ജൂൺ മാർച്ച് | English Club | |

# അറബിക്

## യൂനിയൻ എ.എൽ.പി. സ്കൂൾ, പാലത്ത്

**അറബിക് മധുരം :-**

| | |
|---|---|
| **ലക്ഷ്യം :** | അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി |
| **പ്രവർത്തനം :** | ടെസ്റ്റ് നന്നായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. |
| **കാലയളവ് :** | 1 മാസം |
| **ഭൗതികം :** | പുസ്തകങ്ങൾ, കമ്പ്യൂട്ടർ |
| **പിന്തുണ :** | BRC, പൂർവ്വ വിദ്യാർത്ഥികൾ |
| **വായനാ ലോകം :** | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാരനാക്കുക. |
| **പ്രവർത്തനം :** | തെരഞ്ഞെടുത്ത ലളിതമായ അറബക് പുസ്തകശേഖരം അറബിക് ലൈബ്രറി, പുസ്തകങ്ങൾ, ചിത്രകഥ, അറബി, കഥപുസ്തകം, കുട്ടികവിതകൾ അറബിക് ക്വിസ്. |
| **ക്ലാസ് :** | വായന ഓരോ അറബിക് പിരീഡിലും ആദ്യ 5 മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക. |
| **അറബിക് അസംബ്ലി :** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ |
| **പദ പരിചയം :** | ലക്ഷ്യം പദ സമ്പത്ത് വർദ്ധിപ്പിക്കൽ |
| **പ്രവർത്തനം : -** | അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു. ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു. |
| **ദിനാചരണങ്ങൾ :** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. |

**എഴുത്തിന്റെ ലോകം :**

| | |
|---|---|
| **ലക്ഷ്യം :** | കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ |
| **പ്രവർത്തനം : -** | 1. അറബി ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത് നസ്ഖി, റുഖഅ എഴുത്തുകളാണ്.<br>2. ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ. |

# ഗണിതം

## പ്രവർത്തനം I

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല ഉപമേഖല : വർക്ക് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ പാഠ്യ പദ്ധതി യിൽ നിർദ്ദേശി ച്ചിട്ടുള്ള മുഴു വൻ പഠന നേട്ട ങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | ♦ എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കിൽ | ക്ലാസ് ടീച്ചർ | 4000 |

## പ്രവർത്തനം II

പേര് : ഇംഗ്ലീഷ് റീഡിംഗ് കാർഡ് ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകുന്നവിധം മെറ്റീരി യൽസ് ലഭ്യമാക്കുക. | 2025 -26 | ക്ലാസ് ടീച്ചർ | 10,000 |

## പ്രവർത്തനം III

പേര് : ഗണിതമൂല ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നത്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ സജ്ജീകരിക്കൽ മഞ്ചാടി, കളിനോട്ട്, കാർഡ് തുടങ്ങിയവ | ജൂൺ | ക്ലാസ് ടീച്ചർ | 2,000 |

## പ്രവർത്തനം IV

പേര് : യൂണിറ്റ് വിലയിരുത്തൽ ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ള ടക്കപെരമായ ധാരണ കൈവരിക്കുന്നു വെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം V

പേര് : ഗണിത ക്ലാസ് പി.ടി.എ                    ഉപമേഖല : സി.പി.ടി.എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ശേഷി നേടി എന്നുറപ്പിക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ ഹോം വർക്ക് പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ പിന്തുണാ സഹായത്തോടെ ചെയ്ത് വരുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം VI

പേര് : ഗണിതം മധുരം                    ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ശിൽപശാല | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

## പ്രവർത്തനം I

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലും അനുയോജ്യ മായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം II

പേര് : എന്റെ പരീക്ഷണം ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപ്പര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കുക. | എല്ലാ മാസ ത്തിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം III

പേര് : പരീക്ഷണോത്സവം ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയത്തി ലേക്കുള്ള താത്പ ര്യവും മന:ശാസ്ത്രപ രമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളി കളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

# രാസ ലഹരി, മൊബൈൽ അഡിക്ഷൻ

**പ്രവർത്തനം I**

പേര് : ലഹരി, മൊബൈൽ അഡിക്ഷൻ

ഉപമേഖല : ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തി കളെ കുറിച്ചുള്ള ബോധവും പ്രതി രോധ ശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ, ഉപദേശം, പോസ്റ്റർ എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യയന തുടക്ക ത്തിൽ | ഹെൽത്ത് ക്ലബ്ബ് | |

# സാമൂഹികാവബോധം

1. നിർവ്വഹണ ചുമതല.
2. ജനാധിപത്യ വേദികൾ ഒരുക്കുന്നു.
3. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
4. ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.
5. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

**നിർവഹണ ചുമതല**

പി.സി. സൗദ ടീച്ചർ - ഹെഡ്മിസ്ട്രസ്സ്

ദിവ്യ

മുബീന

അൻസില

റബീഅ്

മിർഷാദ്

ബിജില

# വിവര സാങ്കേതി വിദ്യ

## പ്രവർത്തനം I

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അദ്ധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദ മായി പ്രയോജന പ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | SITC | |

## പ്രവർത്തനം II

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ മാർച്ച് | PSITC | |

# പ്രവൃത്തി പരിചയം

## പ്രവർത്തനം I

പേര് : പ്രവൃത്തിപരിചയ ശിൽപ്പശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, ഫാബ്രിക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, ക്ലേ മോഡലിംഗ്, ബീഡ്സ് വർക്ക്, വേസ്റ്റ് മെറ്റീരിയൽസ് | സെപ്തംബർ | ക്ലാസ് ടീച്ചർ | 2000 |

# സർഗവേദി

## പ്രവർത്തനം I

പേര് : സർഗവേദി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | CT<br>SRG | |

## പ്രവർത്തനം IL

പേര് : ടാലെന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പി ക്കുന്ന തരത്തിലുള്ള പരിശീലന പരിപാടി കൾ ഒരുക്കുക | ആലാപനം, ചിത്ര രചന, ക്രാഫ്റ്റ്, വർക്ക് പെയിന്റിംഗ്, അബാക്കസ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | ജൂൺ<br>മാർച്ച് | SRG<br>PTA | |

## പ്രവർത്തനം III

പേര് : പ്രകടന വേദികൾ ഉപമേഖല: സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴി വിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ, യൂട്യൂബ് ചാനൽവഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ<br>മാർച്ച് | SRG<br>CT | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## പ്രവർത്തനം I

പേര് : കായികാരോഗ്യം

ഉപമേഖല : ഫുട്ബോൾ കോച്ചിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് | സെപ്തംബർ മാർച്ച് | HM SRG | |

## പ്രവർത്തനം II

പേര് : ഹെൽത്ത് ചെക്ക്അപ്പ് ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക്അപ്പ് | ജൂൺ സെപ്റ്റംബർ | PTA | |

## പ്രവർത്തനം III

പേര് : കായിക വിദ്യാഭ്യാസം Zumba ഉപമേഖല: ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | പി.ടി. പിരീഡിൽ ദൗായമ ്യേമശിശിഴ ഫിസിക്കൽ എക്സൈസ് എന്നിവ നൽകുക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |